**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 667** **11-06-2024 - ൽ മറുപടിയ്ക്ക്**

**വ്യവസായ സംരംഭങ്ങൾക്കായി മണ്ണ് മാറ്റുന്നതിനു അനുമതി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ.പി.കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ | | ശ്രീ. പി. രാജീവ്<br>(നിയമം, വ്യവസായം, കയർ വകുപ്പ് മന്ത്രി) | |
| (എ) | വ്യവസായ സംരംഭങ്ങൾക്കായി മണ്ണ് മാറ്റുന്നതിനുള്ള അനുമതിക്കായി സ്വീകരിക്കേണ്ടുന്ന നടപടിക്രമങ്ങൾ എന്തൊക്കെയെന്ന് അറിയിക്കാമോ; | (എ) | പ്ലിന്ത് ഏരിയ 3000 ചതുരശ്ര അടിക്ക് മുകളിലുള്ള വ്യാവസായിക സംരംഭങ്ങൾക്കായി പാരിസ്ഥിതിക അനുമതി ആവശ്യമില്ലാത്ത കെട്ടിടങ്ങൾ നിർമ്മിക്കുന്നതിന്റെ ഭാഗമായി മണ്ണ് നീക്കം ചെയ്യേണ്ടതുണ്ടെങ്കിൽ പ്രസ്തുത സ്ഥലത്തിന്റെ സ്കെച്ച്, കൈവശാവകാശ സർട്ടിഫിക്കറ്റ്, ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനത്തിൽ നിന്നുള്ള ബിൽഡിംഗ് പെർമിറ്റ്, ബിൽഡിംഗ് പ്ലാൻ, ഡവലപ്മെന്റ് പ്ലാൻ, അപേക്ഷ സ്ഥലം സ്വന്തം കൈവശത്തിലല്ലെങ്കിൽ 200/- രൂപ മുദ്രപത്രത്തിൽ നോട്ടറി അറ്റെസ്റ്റ് ചെയ്ത സ്ഥലം ഉടമയുടെ സമ്മതപത്രം എന്നിവയും സമ്പാദിച്ച് അപേക്ഷ ബന്ധപ്പെട്ട ജില്ലാ ജിയോളജി ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സ്ഥല പരിശോധന നടത്തി നീക്കം ചെയ്യേണ്ട മണ്ണിന്റെ അളവിന് മുൻകൂർ തുക ഈടാക്കി മണ്ണ് നീക്കം ചെയ്യുന്നതിനുള്ള അനുമതി നൽകി വരുന്നു. പ്ലിന്ത് ഏരിയ3000 ചതുരശ്ര അടിക്ക് താഴെയുള്ള കെട്ടിടങ്ങളുടെ നിർമ്മാണങ്ങൾക്കായി ബന്ധപ്പെട്ട തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾക്കാണ് അപേക്ഷ സമർപ്പിക്കേണ്ടത്.<br><br>വ്യാവസായിക സംരംഭങ്ങൾക്കായി പാരിസ്ഥിതിക അനുമതി ആവശ്യമുള്ള കെട്ടിടങ്ങൾ (built up area 20000 സ്ക്വയർ മീറ്ററിനു മുകളിലുള്ള) നിർമ്മിക്കുന്നതിന്റെ ഭാഗമായി മണ്ണ് നീക്കം ചെയ്യേണ്ടതുണ്ടെങ്കിൽ ചട്ടപ്രകാരം അപേക്ഷകൻ ക്വാറിയിംഗ് പെർമിറ്റിനു അപേക്ഷിക്കേണ്ടതാണ്. ഫോറം എ യിലുള്ള അപേക്ഷയും കൈവശാവകാശ സർട്ടിഫിക്കറ്റും, സർവ്വേ മാപ്പും, ഡീമാർക്കേഷൻ സർട്ടിഫിക്കറ്റും, നോൺ അസൈൻമെന്റ് സർട്ടിഫിക്കറ്റും അപേക്ഷ സ്ഥലം സ്വന്തം കൈവശത്തിലല്ലെങ്കിൽ 200/- രൂപ മുദ്രപത്രത്തിൽ നോട്ടറി അറ്റസ്റ്റ് ചെയ്ത സ്ഥലം ഉടമയുടെ സമ്മതപത്രവും, സ്വയം സാക്ഷ്യപ്പെടുത്തിയ |

| | | | |
|---|---|---|---|
| | | | തിരിച്ചറിയിൽ രേഖയും, അപേക്ഷകന്റെ ഇൻകം ടാക്സ് സംബന്ധിച്ച നോട്ടറി അറ്റസ്റ്റ് ചെയ്ത അഫിഡവിറ്റും, ജനറൽ അഫിഡവിറ്റും, അപേക്ഷകന്റെ സ്വയം സാക്ഷ്യപ്പെടുത്തിയ തിരിച്ചറിയൽ രേഖയും, പാൻകാർഡും, അപേക്ഷിക്കുന്നത് കമ്പനി ആണെങ്കിൽ കമ്പനി സംബന്ധിച്ച രേഖകളും, നിശ്ചിത അപേക്ഷാ ഫീസ് ഒടുക്കിയ ചെല്ലാൻ സഹിതം അപേക്ഷ ബന്ധപ്പെട്ട ജില്ലാ ജിയോളജി ഓഫീസിൽ സമർപ്പിക്കേണ്ടതാണ്. തുടർന്ന് ബന്ധപ്പെട്ട ഉദ്യോഗസ്ഥർ സ്ഥല പരിശോധന നടത്തി ചട്ട പ്രകാരം ക്വാറിയിങ് പെർമിറ്റ് അനുവദിക്കുന്നതിന് മുന്നോടിയായി ലെറ്റർ ഓഫ് ഇന്റന്റ് അനുവദിക്കുന്നു. ലെറ്റർ ഓഫ് ഇന്റന്റിൽ ആവശ്യപ്പെട്ട രേഖകൾ അപേക്ഷകൻ ഹാജരാക്കിയാൽ ആയതു പരിശോധിച്ച് ബോധ്യപ്പെട്ടശേഷം ചട്ടപ്രകാരമുള്ള റോയൽറ്റി ഈടാക്കി ക്വാറിയിങ് പെർമിറ്റ് അനുവദിക്കുന്നു. |
| (ബി) | ഇതിനായി തദ്ദേശ വകുപ്പ്, മൈനിങ് ആൻഡ് ജിയോളജി വകുപ്പ്, വ്യവസായ വകുപ്പ് എന്നീ വകുപ്പുകളുടെ ഏകോപിച്ചുള്ള പ്രവർത്തനം നടത്താൻ സാധിക്കുമോ; | (ബി) | നിലവിലെ സംവിധാനപ്രകാരം വ്യവസായ സംരംഭങ്ങൾക്കായി മണ്ണ് മാറ്റുന്നതിനുള്ള അനുമതിക്കായി സംരംഭകർക്ക് സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡിന്റെ മുൻപാകെ അപേക്ഷ സമർപ്പിക്കാവുന്നതാണ്. സിംഗിൾ വിൻഡോ ക്ലിയറൻസ് ബോർഡ് ഓരോ ജില്ലയിലെയും സംരംഭകരുടെ വിവിധ അനുമതികൾക്കുള്ള അപേക്ഷകൾ വേഗത്തിൽ തീർപ്പാക്കുന്നതിനായി ജില്ലാ കളക്ടറുടെ അധ്യക്ഷതയിൽ എല്ലാ വകുപ്പ് പ്രതിനിധികളും ഉൾപ്പെടുന്ന സംവിധാനം ആയതിനാൽ ടി സംവിധാനത്തിലൂടെ തദ്ദേശ വകുപ്പ്, മൈനിംഗ് & ജിയോളജി വകുപ്പ് എന്നീ വകുപ്പുകളിലേയ്ക്ക് അപേക്ഷ കൈമാറി തീരുമാനം എടുക്കാൻ സാധിക്കുന്നതാണ്. |
| (സി) | ഇത്തരം അപേക്ഷകളിൽ അതിവേഗം തീർപ്പ് കൽപ്പിക്കുന്നതിനും സംരംഭകർക്ക് ആത്മവിശ്വാസം പകരുന്നതിനും സ്വീകരിക്കുന്ന നടപടികൾ എന്തൊക്കെയെന്ന് അറിയിക്കാമോ? | (സി) | അപേക്ഷ സമർപ്പിക്കുന്നതിനോടൊപ്പം തന്നെ ആവശ്യമായ എല്ലാ രേഖകളും സമർപ്പിക്കുന്നതിന് സംരംഭകന് സഹായകരമാകുന്ന നിർദ്ദേശങ്ങളും, അപേക്ഷകളിന്മേൽ കാണുന്ന അപാകതകൾ ഒറ്റ തവണയായി പരിഹരിക്കുന്നതിന് ഉദ്യോഗസ്ഥർ സ്വീകരിക്കേണ്ട നടപടികളും അടങ്ങിയ കൈപ്പുസ്തകം പ്രസിദ്ധീകരിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ട്. അപേക്ഷകൾ വേഗത്തിൽ തീർപ്പാക്കുന്നതിനു മൈനിംഗ് & ജിയോളജി വകുപ്പ് അപേക്ഷകളുടെ എണ്ണത്തിനു അനുസരിച്ച് ജില്ലകൾ തോറും അദാലത്ത് പോലെയുള്ള നടപടികൾ സ്വീകരിച്ച് വരുന്നുണ്ട്. |

സെക്ഷൻ ഓഫീസർ